# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടപ്പടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി 7)/1138/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 05/09/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടപ്പടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി 7)/1138/23 തീയ്യതി: 05/09/2023

## എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2023 | 15-07-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-07-2023 | 15-07-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1.മരുൺ മാത്യു, ഓഡിറ്റ് ഓഫീസർ
2. സന്തോഷ് കുമാർ കെ വി, ഓഡിറ്റ് ഓഫീസർ
3. ഷറഫുദ്ദീൻ എസ് എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (11.07.2023 മുതൽ)
4. ഷൈബി ഇ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
5. സ്വപ്ന വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി മിനി ഗോപി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ രമേഷ് കെ എൻ | സെക്രട്ടറി | 01-04-2022 | 03-07-2022 |
| ശ്രീമതി ശ്രീജ വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-07-2022 | 30-11-2022 |
| ശ്രീ ബിന്ദു വർഗീസ് | സെക്രട്ടറി | 01-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി സുമിയ സി വൈ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 18-04-2022 |
| ശ്രീമതി ദിവ്യ ശശി | അസിസ്റ്റന്റ് എഞ്ചിനിയർ | 19-04-2022 | 31-10-2022 |
| ശ്രീമതി ജെസ്ന കെ മുഹമ്മദ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-11-2022 | 29-01-2023 |
| ശ്രീമതി ചെൽസ മറിയം | അസിസ്റ്റന്റ് എഞ്ചിനിയർ | 30-01-2023 | 31-03-2023 |
| ഡോ.ജെറാൾഡ് ഗോർക്കിംഗ് മാത്യു | മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി) | 01-04-2022 | 18-05-2022 |
| ഡോ ഗിരീഷ് ജി | മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി) | 19-05-2022 | 31-03-2023 |
| ശ്രീമതി ബെൽസി ബാബു കെ ജി | കൃഷി ഓഫീസർ | 01-04-2022 | 10-01-2023 |
| ശ്രീ ജിജി ജോബ് | കൃഷി ഓഫീസർ | 11-01-2023 | 31-03-2023 |
| ശ്രീമതി സരോജിനി കെ ജി | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി എലിസബത്ത് സി ജോർജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 14-11-2022 |
| ശ്രീമതി സ്നേഹ ജോസഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 15-11-2022 | 29-01-2023 |
| ശ്രീമതി മരിയ ജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 30-01-2023 | 31-03-2023 |
| ശ്രീമതി ഷൈന സദാശിവൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 12-01-2023 |
| ശ്രീമതി സിന്ധു വി ശങ്കർ | ഐ സി ഡി എസ് സൂപ്പർവൈസർ | 13-01-2023 | 31-03-2023 |
| ഡോ.എസ് ഷറഫുദീൻ | വെറ്ററിനറി സർജൻ | 01-04-2022 | 09-09-2022 |
| ഡോ. എൽദോ പി വർഗീസ് | വെറ്ററിനറി സർജൻ | 10-09-2022 | 31-03-2023 |
| ശ്രീമതി ബേബിമോൾ | വി ഇ ഒ, കോട്ടപ്പടി സർക്കിൾ | 01-04-2022 | 06-05-2022 |

| | | | |
|---|---|---|---|
| ശ്രീമതി റാണി കെ പി | വി ഇ ഒ, കോട്ടപ്പടി സർക്കിൾ | 07-05-2022 | 31-03-2023 |
| ശ്രീമതി ബേബിമോൾ | വി ഇ ഒ, വടാശ്ശേരി സർക്കിൾ (ചാർജ്) | 01-04-2022 | 25-04-2022 |
| ശ്രീമതി ശ്രുതി പി | വി ഇ ഒ, വടാശ്ശേരി സർക്കിൾ | 26-04-2022 | 31-10-2022 |
| ശ്രീ അൻപിൻരാജ് | വി ഇ ഒ, വടാശ്ശേരി സർക്കിൾ | 01-11-2022 | 31-03-2023 |
| ഡോ.സോളമൻ എ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 27-07-2022 |
| ഡോ. അഹിത കെ കാദർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 27-07-2022 | 22-08-2022 |
| ഡോ.ലത പി കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 23-08-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗം പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | സംയുക്ത പ്രോജക്ടിനായി ലഭിച്ച ബ്ലോക്ക് വിഹിതത്തിന്റെ വിശദ വിവരം ലഭ്യമല്ല | 1-1-7 |
| 9 | സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | വരവ് തെറ്റായ ശീർഷകത്തിൽ വരവ് വെച്ചു | 1-1-9 |
| 11 | വരവ് രജിസ്റ്ററും വാർഷിക കണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല | 1-1-10 |
| 12 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. | 1-1-11 |
| 13 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-10 |
| 23 | കെട്ടിടങ്ങളുടെ ക്രമവൽക്കരണം സംബന്ധിച്ച തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ് | 1-11 |
| 24 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ - രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല | 1-12 |
| 25 | സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-13-1 |
| 26 | തൊഴിൽ നികുതി-ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-13 |

| | | |
|---|---|---|
| 27 | വസ്തു നികുതി നിർണ്ണയിച്ചീടാക്കിയതിൽ കുറവ് | 1-14-1 |
| 28 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-14-2 |
| 29 | വസ്തു നികുതി-വാണിജ്യാവശ്യത്തിനുള്ള സൂപ്പർമാർക്കറ്റിന് കുറഞ്ഞനിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി | 1-14 |
| 30 | ഐ.കെ.എം. വിഹിതം നല്കിയത്- കൈപ്പറ്റ് രസീത്,വിനിയോഗവിവരം ഹാജരാക്കിയില്ല- ₹ 59,273/-തടസ്സപ്പെടുത്തുന്നു | 1-15 |
| 31 | തൊഴിലുറപ്പ് പദ്ധതി-മുൻകൂർ ക്രമീകരിച്ചില്ല | 1-16-1 |
| 32 | ഓണം അഡ്വാൻസ് ക്രമീകരിക്കാൻ അവശേഷിക്കുന്നു. | 1-16 |
| 33 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം-അപാകതകൾ | 1-17 |
| 34 | ഐ സി ഡി എസ്- രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. | 1-18 |
| 35 | ഹോമിയോ മരുന്നുകൾ ലഭ്യമായില്ല - ₹200000 തടസ്സപ്പെടുത്തുന്നു. | 1-19 |
| 36 | ഓഡിറ്റ് ഇംപാക്ട് | 1-20 |
| 37 | നിക്ഷേപ പ്രവർത്തികൾക്കായി നല്കിയ തുകയ്ക്ക് വർഷങ്ങൾ കഴിഞ്ഞിട്ടും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-21 |
| 38 | സ്പിൽ ഓവർ പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിൽ വീഴ്ച | 1-22 |
| 39 | ആഫ്രിക്കൻ ഒച്ച് നിവാരണപദ്ധതി - അപാകതകൾ | 1-23 |
| 40 | ശുചിയും ഹരിതാഭവുമായ ഗ്രാമം - അവലോകനം | 1-24 |
| 41 | ക്ഷീര കർഷകന് പാലിന് ഇൻസെന്റീവ് നൽകൽ - അർഹമായതിലും കുറവായി ധനസഹായം വകയിരുത്തി | 1-25 |
| 42 | പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് പെണ്ണാട് വിതരണം - സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ച പ്രകാരം നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ് | 1-26 |
| **ഭാഗം 2** | | |
| 1 | വസ്തു നികുതി നിർണ്ണയിച്ചീടാക്കിയതിൽ കുറവ് | 2-1 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കോട്ടപ്പടി ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 30.06.2023 ലെ 1/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 30.06.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കോട്ടപ്പടി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: കാക്കനാട്, എറണാകുളം**

**തീയതി: 24.08.2023**

**ഡെപ്യൂട്ടി ഡയറക്ടർ**

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

**1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1228324/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2013232/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

**1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

**1-1-4 സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.**

സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-5 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല**

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ സ്റ്റേറ്റ്മെന്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-6 ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗം പൊരുത്തപ്പെടുന്നില്ല**

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം, സുലേഖ വർഷാന്ത്യ സ്റ്റേറ്റ്മെന്റിലെ തുകയും (₹19,23,262/-) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ തുകയും (₹24,00,072/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല. ₹4,76,810/-ന്റെ വ്യത്യാസം കാണുന്നു.

**1-1-7 സംയുക്ത പ്രോജക്ടിനായി ലഭിച്ച ബ്ലോക്ക് വിഹിതത്തിന്റെ വിശദ വിവരം ലഭ്യമല്ല**

വാർഷിക ധനകാര്യപത്രിക ബി4 ഷെഡ്യൂളിൽ 320700204 എന്ന ശീർഷകത്തിൽ മുൻവർഷങ്ങളിൽ സംയുക്ത പ്രോജക്ടിനായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം 3,95,083/- രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക ഏതെല്ലാം പ്രോജക്ടുകൾക്കായി ലഭിച്ചിട്ടുള്ളതാണെന്ന വിവരം ലഭ്യമല്ല.

**1-1-8 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം, വാടകയിനത്തിൽ രൂ 153210കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വാർഷികാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011 /ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**1-1-9 വരവ് തെറ്റായ ശീർഷകത്തിൽ വരവ് വെച്ചു**

1220100524/ 26.5.2022 രസീത് പ്രകാരം ലേലം ഇനത്തിൽ ലഭിച്ച ₹4,050/- 340200102- Auction Depositഎന്ന ബാധ്യതാ ശീർഷകത്തിൽ തെറ്റായി വരവ് വെച്ചിട്ടുണ്ട്. ആയത് 'Prior Period' എന്ന ഉചിതമായ വരുമാന ശീർഷകത്തിലേക്ക് മാറ്റി ക്രമീകരിക്കേണ്ടതാണ്.

### 1-1-10 വരവ് രജിസ്റ്ററും വാർഷിക കണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് [കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)]. നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ വാടക രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് ഫീ രജിസ്റ്റർ എന്നിവ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.

### 1-1-11 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകേണ്ട ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

### 1-1-12 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാമാസവും ഡിമാന്റ് എൻട്രി വരുത്തിയിട്ടില്ല.

## 1-2 ബജറ്റ്

ബജറ്റ് 21.03.2022 തീയതിയിലെ 1(1)നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 25.03.2023 ലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | 2022-2023 ലെ പുതുക്കിയ ബജറ്റ് പ്രകാരം | 2022-2023 വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| വരവ് | 15,51,95,672 | 2,85,39,042 |
| ചെലവ് | 15,41,59,358 | 2,73,10,718 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,84,14,861 |
| ഓഡിറ്റ് വർഷത്തെ വരവ് | 2,85,39,042 |
| ആകെ | 4,69,53,903 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 2,73,10,718 |
| നീക്കിയിരിപ്പ് | 1,96,43,185 |

ഈ പത്രികയിലെ ഗ്രാമപഞ്ചായത്തിന്റെ വരവ്-ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടെയും മറ്റു വരവ്-ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | പലിശ | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,10,09,577 | | 1,10,09,577 | 99,76,451 | | 10,33,126 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 55,64,193 | | 55,64,193 | 51,80,947 | | 3,83,246 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 1,06,050 | | 1,06,050 | 95,041 | | 11,009 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 0 | 1,38,75,000 | | 1,38,75,000 | 52,87,129 | | 85,87,871 |
| സംരക്ഷണ ഗ്രാന്റ്(റോഡിതരം) | 0 | 45,70,000 | | 45,70,000 | 37,60,687 | | 8,09,313 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 2,51,897 | 0 | 2,51,897 | - | - | 2,51,897 |

| | | | | | | | |
|---|---|---|---|---|---|---|---|
| (Untied-ട്രഷറി) | | | | | | | |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ബാങ്ക്) | 1039051 | 22,87,000 | 2,04,176 | 35,30,227 | 16,43,501 | 18,86,726 | |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ട്രഷറി) | 0 | 11,90,154 | | 11,90,154 | 1,76,850 | | 10,13,304 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ബാങ്ക്) | 27,34,328 | 34,30,000 | 0 | 61,64,328 | 6,02,049 | 55,62,279 | |
| കേന്ദ്രാവിഷ്കൃതഫണ്ട്-അങ്കണവാടി പൂരക പോഷകാഹാരം -320100196 | 11,410 | 8,08,976 | | 8,20,386 | 3,01,767 | 5,18,619 | |
| പി ബി ഐജി - 320300103 | 26,241 | - | | 26,241 | 20,000 | 6,241 | |
| ടോട്ടൽ സാനിട്ടേഷൻ – 320100181 | 3,07,000 | - | | 3,07,000 | - | 3,07,000 | |
| ബാക്ക് വേർഡ് റീജിയൻ ഗ്രാന്റ് ഫണ്ട് 320100106 | 29,702 | - | | 29,702 | - | 29,702 | |
| സംസ്ഥാനാവിഷ്കൃതഫണ്ട്- | | | | | | | |
| വിമുക്തി – 320200399 | 5,030 | - | | 5,030 | - | 5,030 | |
| ഖരമാലിന്യ സംസ്കരണം 320200304 | 12,00,000 | - | | 12,00,000 | - | 12,00,000 | |
| 320300199 (ലൈഫ്-സംസ്ഥാന വിഹിതം) | 32,07,077 | 6,00,000 | | 38,07,077 | 27,13,333 | 10,93,744 | |
| നിർമ്മൽ പുരസ്കാർ 320100191 | 2,72,075 | - | | 2,72,075 | 1,80,000 | 92,075 | |
| ഐ.സി.ഡി.എസ്. സർവ്വീസ് 320100125 | 45,000 | 0 | | 45,000 | 0 | 45,000 | |
| ഹെൽത്ത് ഗ്രാന്റ് -രോഗനിർണ്ണയം അടിസ്ഥാന സൗകര്യം-320100202 | 0 | 2,64,733 | | 2,64,733 | 1,18,695 | 1,46,038 | |
| ഹെൽത്ത് ഗ്രാന്റ് – ഹെൽത്ത് & വെൽഫയർ – 320100204 | 0 | 1,35,000 | | 1,35,000 | 1,15,665 | 19,335 | |
| ദുരിതാശ്വാസ നിധി | 16,800 | 672 | | 17,472 | 0 | 17,472 | |

| ഫണ്ടിനം | ജി ഒ പ്രൊജക്ട് | ക്യാപിറ്റൽ കോൺട്രിബ്യൂഷൻ |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 21,40,423 | 2,86,655 |
| വികസന ഫണ്ട് ( എസ് സി പി) | 9,70,807 | |
| വികസന ഫണ്ട് ( ടി എസ് .പി) | 13,950 | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 8,20,303 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 1,48,224 |
| ധനകാര്യ കമ്മീഷൻ അവാർഡ്(Untied) | | 16,43,501 |
| ധനകാര്യ കമ്മീഷൻ അവാർഡ്(tied) | | 99,960 |

**നോട്ട്** – ധനകാര്യ കമ്മീഷൻ അവാർഡ് (Tied) പ്രോജക്ട് നം 86/22 (എം.സി.എഫ്. നവീകരണം)ന്റെ ഡിഡക്ഷൻ ₹22,328/- ചെക്ക് നം. 10179585 തീ 13.4.22 പ്രകാരം 13.4.22 ലാണ് നല്കിയത്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു :-

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത്/ പൂർത്തീകരിച്ചത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | (₹) | (എണ്ണം) | (₹) | (എണ്ണം) | (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 152 | 15,22,40,282/- | 79 | 3,96,56,820/- | 61 | 12 | 52% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 3,45,972 (*) | 5,40,510+ 17,857(പലിശ) | 9,04,339 | 0 | 9,04,339 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,93,04,621 | 2,93,04,621 | 2,93,04,621 | 0 |
| ആകെ | 3,45,972 | 2,98,62,988 | 3,02,08,960 | 2,93,04,621 | 9,04,339 |

(* സർവ്വേ ഫണ്ട് നൽകിയതിന്റെ ബാക്കി ₹1,388/- അക്കൗണ്ടിൽ അവശേഷിക്കുന്നതിനാൽ പാസ് ബുക്ക് മുന്നിരിപ്പ് ₹ 3,47,360/- ആണ്.)

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 185 | 18,52,900 |
| 2 | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 225 | 25,31,200 |
| 3 | വാർധക്യകാല പെൻഷൻ | 1860 | 1,75,81,200 |
| 4 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 24 | 2,65,600 |
| 5 | വിധവാ പെൻഷൻ | 675 | 70,79,800 |
| 7 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1 | 30,000 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.07.2023 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹5,164/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. രജിസ്റ്ററുകളും ഫയലുകളും നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്. ഓഫീസ് ഓർഡർ വഴി കാലാകാലങ്ങളിൽ ചുമതലാ വിഭജനം നടത്തി സെക്ഷനുകളുടെ ചുമതലകളിൽ ക്രമീകരണം വരുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ ചർച്ച ചെയ്തിട്ടില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്യുയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഓരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. പദ്ധതികളുടെ നിർവഹണം കാര്യക്ഷമമാണോ എന്ന് മോണിറ്ററിംഗ് സമിതി കൃത്യമായി പരിശോധിക്കുന്നില്ല. പദ്ധതികളുടെ നിർവഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ്കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.07.2022 മുതൽ 15.07.2022വരെ | 4/2017 മുതൽ 6/2022-വരെ | 20.08.2022 |
| പെർഫോമൻസ് ഓഡിറ്റ് | 05.10.2021 | 01.02.2021 മുതൽ 30.09.2021വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-11 കെട്ടിടങ്ങളുടെ ക്രമവൽക്കരണം സംബന്ധിച്ച തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 93(3) പ്രകാരം ക്രമവത്കരണത്തിനുള്ള അപേക്ഷകളിൽ തീർപ്പാക്കൽ നടപടിക്രമം പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതുപോലെ തന്നെയായിരിക്കും. ആയതിനാൽ ക്രമവത്കരണത്തിനുള്ള അപേക്ഷകളിലും അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ അംഗീകരിക്കുകയോ, നിരസിക്കുകയോ ചെയ്യേണ്ടതാണ്. ക്രമവത്ക്കരണം നിരസിക്കുന്ന അപേക്ഷകളിൽ ചട്ടം 96 (2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ) പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ, കെട്ടിടങ്ങളുടെ റെഗുലറൈസേഷനു വേണ്ടി ഗ്രാമപഞ്ചായത്തിൽ ലഭിച്ച താഴെപ്പറയുന്ന അപേക്ഷകളിൽ ഇപ്രകാരം നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. അപേക്ഷകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് /അപേക്ഷ നം./തീയതി | ഉപയോഗക്രമം |
|---|---|---|
| 1 | ജോർജ് .ടി .അഗസ്റ്റിൻ,966/22,4.4.2022 | വ്യാവസായികം |
| 2 | ബേബി,1736/2022,16.6.2022 | പാർപ്പിടാവശ്യം |
| 3 | അജ്മൽ ,2537/2022,13.9.2022 | വാണിജ്യാവശ്യം |
| 4 | രശ്മി,2580/2022,16.9.2022 | വ്യാവസായികം , പാർപ്പിടാവശ്യം |
| 5 | കുര്യാച്ചൻ ,3231/2022,2.11.2022 | വ്യാവസായികം |
| 6 | സിയാദ് .കെ.പി,3383/2022,16.11.2022 | പാർപ്പിടാവശ്യം |
| 7 | മാനേജർ, കൽക്കുന്നേൽ മാർ ഗീവർഗീസ് സഹദാ ട്രസ്റ്റ് / മാർ ഏലിയാസ് കോളേജ് കോട്ടപ്പടി /എസ്.സി2-17/2022, 3.1.2022/ വിദ്യാഭ്യാസാവശ്യം | വിദ്യാഭ്യാസാവശ്യം |

മേൽ കെട്ടിടം നാളിതു വരെയും ക്രമവൽക്കരിച്ച് വസ്തു നികുതി നിർണ്ണയിച്ചീടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനും കെട്ടിടത്തിന്റെ ക്രമ വൽക്കരണവുമായി ബന്ധപ്പെട്ട തുടർ നടപടി വിവരങ്ങൾ അറിയിക്കുവാനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.15/15.7.2023),(19/15.7.2023) മറുപടി യിൽ അപാകതകൾ പരിഹരിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും അപേക്ഷപുനർസമർപ്പിക്കുന്ന മുറക്ക് ഫയലിൽ തുടർ നടപടിസ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 235എഎ(1) പ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ആയതിന് വേണ്ടി 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(1, 2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് യു എ നമ്പർ നൽകേണ്ടതാണ്. മേൽ കെട്ടിടങ്ങളുടെ ക്രമവൽക്കരണം സംബന്ധിച്ച തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതും നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളാണെങ്കിൽ ആയതിന് മേൽ പറഞ്ഞിരിക്കുന്ന വകുപ്പ്, ചട്ടം എന്നിവ പ്രകാരം സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-12 പാരാമെഡിക്കൽ സ്ഥാപനങ്ങൾ - രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 270 പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 2022-23 സാമ്പത്തികവർഷത്തിൽ മേൽ വകുപ്പ് പ്രകാരം ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടില്ലന്നു കാണുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് / ലൈസൻസ് നം. |
|---|---|
| 1 | ബേസിൽ ഡയഗ്നോസ്റ്റിക് സെന്റർ |
| 2 | ജീസസ് ക്ലിനിക്കൽ ലബോറട്ടറി/36 |
| 3 | സൗഹൃദ ആയുർവേദിക്സ്, ആയുർവേദ ക്ലിനിക്ക് /97 |
| 4 | ആർഷ ആയുർവേദ ഫാർമസി /98 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/12.7.2023) നല്കിയ മറുപടിയിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-13-1 സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനത്തിൽ നിന്നും 2022-23 സാമ്പത്തിക

വർഷത്തേക്കുള്ള സ്ഥാപനതൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|
| സർവീസ് കോഓപ്പറേറ്റീവ് ബാങ്ക്-152 | രണ്ടാം അർദ്ധവർഷം |

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/12.7.2023) ലഭ്യമായ മറുപടിയിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് കത്ത് നൽകുന്നതാണെന്ന് അറിയിച്ചു. സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി-ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തേക്കുള്ള തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലെന്നു കാണുന്നു. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര്/ഉടമസ്ഥന്റെ പേര് | ലൈസൻസ് നം. (ലൈസൻസ് രജിസ്റ്റർ പ്രകാരം) | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | മേരി ഏലിയാസ്/കരിങ്കൽ ക്വാറി ഖനനം | 139 | 4 |
| 2 | ജലാൻ .കെ.എം./പാറഖനനം | 6 | 5 |
| 3 | എൽദോ ജോസ് /പെട്രോൾ പമ്പ് | 161 | 4 |
| 4 | ടാസാ പ്ളൈവുഡ്സ് | 136 | 15 |
| 5 | മാം ഇന്റസ്ട്രീസ് | 134 | 4 |
| 6 | ഡി.ടി.ഡി.സി.കൊറിയർ സർവീസ് | 110 | 3 |
| 7 | റോയൽ ഫ്രഷ് സൂപ്പർമാർക്കറ്റ് | 109 | 3 |
| 8 | മഹിമ ലോൺട്രി | 107 | 4 |
| 9 | ആദിൻ ഹോട്ടൽ | 94 | 3 |
| 10 | ഹോട്ടൽ അമ്പാടി | 88 | 3 |
| 11 | കല്യാൺ ഏജൻസീസ് | 65 | 6 |
| 12 | റബ് ഗ്ലൂ ഇന്റസ്ട്രീസ് | 62 | 5 |
| 13 | ആസാദ് ഹോട്ടൽ | 60 | 4 |
| 14 | ട്രൈകോ ഗ്രീൻ ലിമിറ്റഡ് | 31 | 6 |
| 15 | പി. മണികണ്ഠൻ /പെട്രോൾ പമ്പ് | 21 | 4 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.2/12.7.2023) ലഭ്യമായ മറുപടിയിൽ സ്ഥാപന ഉടമകൾക്ക് നോട്ടീസ് നൽകി നികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-14-1 വസ്തു നികുതി നിർണ്ണയിച്ചീടാക്കിയതിൽ കുറവ്

ചുവടെ പരാമർശിച്ചിരിക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയച്ച് ഈടാക്കിയിട്ടുള്ളതിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നു.വിശദവിവരം ഭാഗം 2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (ക്രമ നം. 2 ലെ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചത് 2023-24 കാലയളവിലായതു കൊണ്ട് ഭാഗം 2 ൽ ഉൾപ്പെടുത്തിയിട്ടില്ല)

| ക്രമ നം. | **1** | **2** |
|---|---|---|
| കെട്ടിട ഉടമ / സ്ഥാപനത്തിന്റ പേര് | മാഹിൻ ടി.എം / റാഡോൺ പ്ലൈ & ബോർഡ്സ് | റെജീന നാസർ / എം.ഡി , എം.വി. പ്ലൈ ബോർഡ്സ് |
| കെട്ടിട നം./ ഉപയോഗക്രമം | 9/192 A/ വ്യാവസായി കാവശ്യം | 8/390B വ്യാവസായി കാവശ്യം |
| പ്ലോട്ട് ഏരിയ / സർവേ നം. | 76.12ആർ 34/5-8, 34/6-3, 34/6-2,34/9-1, 33/2-2,33/1-2,33/3,33/4A-3,33/4B-3, 33/1-4,33/5-5,33/5-5-2 | 88.14 ആർ17/9-2,17/9, 17/9-3,17/8-2,17/1-2-22-2 |

| | | |
|---|---|---|
| പൂർത്തീകരിച്ച വിസ്തീർണ്ണം (അംഗീകരിച്ച പ്ലാൻ പ്രകാരം) | 789.211 ച.മീ. | 887.47ച.മീ. |
| സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വിസ്തീർണ്ണം | 778.38 ച.മീ. | 863.23 ച.മീ. |
| ഈടാക്കിയ അടിസ്ഥാന വസ്തു നികുതി (ച. മീറ്ററിന് 40 രൂപ നിരക്കിൽ ) | 778.38x40=31135-3114+6227 =34248 +1712=35960 (10% ഇളവ്,20% വർദ്ധനവ്, 5%ലൈബ്രററി സെസ് ഉൾപ്പെടെ) (2022 ഒന്നാം അർദ്ധവർഷം മുതലാണ് നികുതി നിർണ്ണയിച്ച് തുടങ്ങിയത്) | 887.47x40 =35499-3550 =31949+1597=33546 (10% ഇളവ് , 5% ലൈബ്രററി സെസ് ഉൾപ്പെടെ) (2023 ഒന്നാം അർദ്ധവർഷം മുതലാണ് നികുതി നിർണ്ണയിച്ച് തുടങ്ങിയത്) |
| ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി (ച. മീറ്ററിന് 40 രൂപ നിരക്കിൽ ) | 789.211x40=31568 – 3157 + 6314=34725+ 1736 =36461 (10% ഇളവ്,20% വർദ്ധനവ്,5% ലൈബ്രറി സെസ് ഉൾപ്പെടെ) | 863.23x40= 34529-3453 =31076+1554=32630 (10% ഇളവ്, 5% ലൈബ്രറി സെസ് ഉൾപ്പെടെ) |
| **കുറവ്** | **501/-** | **916/-** |

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി കുറവായി ഈടാക്കിയതിന് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/15.7.2023) മറുപടി ലഭ്യമായിട്ടില്ല. പരാമർശത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കി സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തി രേഖകൾ ഫോം 6 സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

### 1-14-2 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| ക്രമ നം | മൊബൈൽ ടവറിന്റെ പേര്/കെട്ടിട നം | വസ്തുനികുതി ഈടാക്കാത്ത കാലയളവ് | ഈടാക്കേണ്ട തുക |
|---|---|---|---|
| 1 | ബി.എസ്.എൻ.എൽ ,കോട്ടപ്പടി/12/144 | 2016 ഒന്നാം അർദ്ധവർഷം മുതൽ 2022 രണ്ടാം അർദ്ധവർഷം വരെ | 18954/- |
| 2 | റിലയൻസ് കമ്മ്യൂണിക്കേഷൻസ്/ 11/402A | 2022 രണ്ടാം അർദ്ധവർഷം | 8505/- |

ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 4/12.7.2023) നല്കിയ മറുപടിയിൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിന് ആർ.ആർ നോട്ടീസ് നൽകി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-14 വസ്തു നികുതി-വാണിജ്യാവശ്യത്തിനുള്ള സൂപ്പർമാർക്കറ്റിന് കുറഞ്ഞനിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി

ഗ്രാമപഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ലൈസൻസ് നം. 42/2023 പ്രകാരമുള്ള 12/159M നമ്പർ സപ്ലൈക്കോ സൂപ്പർമാർക്കറ്റിന് 2022-23 സാമ്പത്തിക വർഷത്തിൽ ലൈസൻസ് പുതുക്കിയിട്ടുള്ളതാണ്. മേൽ കെട്ടിടത്തിന് 428.8 ച.മീറ്റർ വിസ്തീർണ്ണമാണുള്ളത്. ടി കെട്ടിടത്തെ 200ച.മീറ്ററിന് മുകളിലുള്ള സൂപ്പർമാർക്കറ്റ് വിഭാഗത്തിൽപ്പെടുത്തി ച.മീറ്ററിന് 70/- രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടതിനു പകരം സഞ്ചയയിൽ മേൽ കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഗണത്തിൽ ഉൾപ്പെടുത്തി 2018 മുതൽ ചതുരശ്രമീറ്ററിന് 55 രൂപ നിരക്കിൽ വസ്തുനികുതി ഈടാക്കിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു .

| കെട്ടിട നം. | വിസ്തീർണ്ണം | ഈടാക്കിയ വസ്തു നികുതി (ച.മീറ്ററിന് 55 രൂപ നിരക്കിൽ) (വർദ്ധനവ് 20%, ലൈബ്രററി സെസ്-5% ഉൾപ്പെടെ ) | ഈടാക്കേണ്ട വസ്തു നികുതി (ച.മീറ്ററിന് 70 രൂപ നിരക്കിൽ) (വർദ്ധനവ് 20%, ലൈബ്രററി സെസ്-5% ഉൾപ്പെടെ ) | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|
| 12/159M | 428.8(ച.മീ) | 428.8x55 = 23584/- 4717+23584= 28301+1415=29716/- | 428.8x70=30016 30016+6003= 36019+1801=37820/- | 8104/- |

മേൽ കെട്ടിടത്തിന്റെ വസ്തു നികുതി കുറവായി ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.3/12.7.2023), കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണ്ണയിച്ച് നൽകുന്നതിന്

നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വസ്തുനികുതി പുനർനിർണ്ണയിച്ച് 2018 മുതലുള്ള വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തി രേഖകൾ ഫോം-6 സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-15 ഐ.കെ.എം. വിഹിതം നല്കിയത്- കൈപ്പറ്റ് രസീത്,വിനിയോഗവിവരം ഹാജരാക്കിയില്ല- ₹ 59,273/-തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 70/23 |
| നിർവ്വഹണം | സെക്രട്ടറി |
| ആകെ അടങ്കൽ | ₹ 59,273/- |
| ആകെ ചെലവ് | ₹ 59,273/- |
| ബിൽ നമ്പർ | 194/24-1-23 |

ഓഡിറ്റ് വർഷത്തിൽ ഐ.കെ.എം. വിഹിതമായി മേൽ പദ്ധതി പ്രകാരം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ₹59,273/- കൈമാറിയിട്ടുണ്ട്. ആയത് സംബന്ധിച്ച് കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 10/13-7-23) നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മേൽ സാഹചര്യത്തിൽ ₹59,273/- തടസ്സപ്പെടുത്തുന്നു.

## 1-16-1 തൊഴിലുറപ്പ് പദ്ധതി-മുൻകൂർ ക്രമീകരിച്ചില്ല

പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക ധനകാര്യപത്രിക ബി-18 ഷെഡ്യൂൾ പ്രകാരം 460500801 ഹെഡ്ഡിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണചെലവിനത്തിൽ 26,02,173/- രൂപ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. NREGA യുടെ പ്രത്യേക അക്കൗണ്ടായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ 67186092027 നമ്പർ അക്കൗണ്ടിൽ 9,04,339/- രൂപ നീക്കിയിരിപ്പ് ഉണ്ട്. സാമ്പത്തിക വർഷം അവസാനിച്ച് മൂന്ന് മാസങ്ങൾ കഴിഞ്ഞിട്ടും അക്കൗണ്ടിൽ 9,04,339/- രൂപ അവശേഷിച്ചിട്ടും മുൻകൂർ ക്രമീകരിക്കാതെ നിലനിൽക്കുകയാണ്. എത്രയും വേഗം മുൻകൂർ ക്രമീകരിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-16 ഓണം അഡ്വാൻസ് ക്രമീകരിക്കാൻ അവശേഷിക്കുന്നു.

പഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രിക ബി-18 ഷെഡ്യൂളിലെ 460100101 ഹെഡ്ഡിൽ ഓണം അഡ്വാൻസ് ഇനത്തിൽ 41,000/- രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഇതിൽ 8,000/- രൂപ 2022 ഏപ്രിൽ മാസത്തിൽ ക്രമീകരിച്ചിട്ടുണ്ട്. 33,000/- രൂപ ഇനിയും ക്രമീകരിച്ചിട്ടില്ലായെന്ന് കാണുന്നു. ഈ തുക ആർക്ക് നൽകിയതാണെന്നും തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ 13.07.2023 തീയതിയിലെ 10ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. ഓണം അഡ്വാൻസ് ക്രമീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം-അപാകതകൾ

2022-23 മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം പരിശോധിച്ചതിൽ ഗുണഭോക്താക്കൾ മരണപ്പെട്ടശേഷം പെൻഷൻ അക്കൗണ്ടുകൾ സസ്പെൻറ് ചെയ്യാത്തതുമൂലം നിലവിലും അക്കൗണ്ടുകൾ ആക്ടീവ് ആയി തുടരുകയും പെൻഷൻ വിതരണം തുടരുകയും ചെയ്യുന്നതായി സ്റ്റാറ്റസ് കാണിക്കുന്നു. മരണപ്പെട്ട് മാസങ്ങൾക്കു ശേഷം സസ്പെൻഡ് ചെയ്യുന്നവരുടെ ബാങ്ക് അക്കൗണ്ടുകളിൽ ഗുണഭോക്താവിന് കൈമാറാൻ സാധിക്കാത്ത തുകകൾ നിലനിൽക്കുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

വാർദ്ധക്യകാല പെൻഷൻ

| ക്രമ നം. | പെൻഷണർ ഐ ഡി | പേര് | മരണപ്പെട്ട തീയതി | കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|
| 1 | 106900200753 | മറിയക്കുട്ടി ജോസഫ് | 19.11.2022 | 01/2023 മുതൽ 02/2023 വരെ തുക നിക്ഷേപിക്കാൻ സാധിച്ചില്ല. 03/2023 ലെ തുക ബാങ്കിന് കൈമാറി | ആക്ടീവ് |
| 2 | 106840201341 | കുഞ്ഞുമോൻ അയ്യപ്പൻ | 07.10.2022 | 01/2023 മുതൽ 03/2023 വരെ തുക നിക്ഷേപിക്കാൻ സാധിച്ചില്ല. | ആക്ടീവ് |

| | | | | | |
|---|---|---|---|---|---|
| 3 | 106450100259 | നാരായണി നാരായണൻ | 02.03.2022 | 01/2023 മുതൽ 03/2023 വരെ തുക ബാങ്കിന് കൈമാറി | ആക്ടീവ് |
| 4 | 106840400152 | വർക്കി ഇട്ടിയവിര | 09.06.2022 | 01/2023 മുതൽ 02/2023 വരെ തുക നിക്ഷേപിക്കാൻ സാധിച്ചില്ല. 03/2023 ലെ തുക ബാങ്കിന് കൈമാറി | ആക്ടീവ് |
| 5 | 106840201109 | കുഞ്ഞുമോൻ പി കെ | 16.09.2022 | 01/2023 മുതൽ 03/2023 വരെ തുക ബാങ്കിന് കൈമാറി | ആക്ടീവ് |
| 6 | 106840600279 | സാറാക്കുട്ടി ദാനിയേൽ | 04.10.2022 | 01/2023 മുതൽ 02/2023 വരെ തുക ബാങ്കിന് കൈമാറി 03/2023 ലെ തുക നിക്ഷേപിക്കാൻ സാധിച്ചില്ല. | ആക്ടീവ് |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 13.07.2023 ൽ നൽകിയ 7ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. ക്രമ നമ്പർ 1, 3 എന്നിവയിലെ ഗുണഭോക്താക്കൾ യഥാക്രമം കുട്ടമ്പുഴ, വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളാണെന്നും ബന്ധപ്പെട്ട പഞ്ചായത്തിൽ വിവരം അറിയിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചു. ക്രമ നമ്പർ 2, 6 എന്നിവയിലെ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറി ലഭിച്ചതിന് ശേഷം സേവന പെൻഷൻ സൈറ്റിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ക്രമ നമ്പർ 4 പ്രകാരമുള്ള പെൻഷൻ ഡയറക്ട് റ്റു ഹോം ആയതിനാൽ ജൂൺ 2022 മുതലുള്ള തുക വിതരണം ചെയ്തിട്ടില്ലെന്നും ക്രമ നമ്പർ 5ലെ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റായ തുക പിൻവലിച്ചിട്ടുള്ളതായി അന്വേഷണത്തിൽ അറിഞ്ഞത് തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്.

1. പഞ്ചായത്ത് ഡയറക്ടറുടെ 28.09.2019 ലെ PAN/2021 DBT(DP)നമ്പർ സർക്കുലർ പ്രകാരം ഗുണഭോക്താവ് മരണപ്പെട്ടതായി അറിയുന്ന അവസരത്തിൽ തന്നെ അന്വേഷണം നടത്തി പെൻഷൻ റദ്ദ് ചെയ്യേണ്ടതാണ്. മരണപ്പെട്ട ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുകകൾ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് H.O Branch Account ലേക്ക് തിരികെ അടവാക്കേണ്ടതാണ്. A/C No.001101023000269, IFS Code KSBK 0000101. മേൽ സന്ദേശത്തെ തുടർന്ന് ഗ്രാമ പഞ്ചായത്ത് ഈ ഇനത്തിൽ തിരികെ അടവാക്കിയ തുകകൾ തിരിച്ചടവാക്കിയ തുക, തീയതി, അക്കൗണ്ട് നമ്പർ, UTR നമ്പർ എന്നിവയുൾപ്പെടുന്ന സ്റ്റേറ്റ്മെൻറ് ലഭ്യമാക്കേണ്ടതാണ്.

2. പെൻഷൻ വിതരണം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് എൻക്വയറിയിലൂടെ ലഭ്യമാക്കിയത്. മേൽ ഉദാഹരണങ്ങളിൽ സംഭവിച്ചിരിക്കുന്ന അപാകതകൾ മറ്റ് അക്കൗണ്ടുകളിലും സംഭവിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനായി ഗ്രാമ പഞ്ചായത്തിലെ മുഴുവൻ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും അക്കൗണ്ടുകൾ പരിശോധിക്കേണ്ടതും സമാനമായ അപാകതകൾ ഉണ്ടെങ്കിൽ ആയത് പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

3. ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെൻറ് ചെയ്യപ്പെടുന്നുണ്ടോ എന്നും ഉറപ്പാക്കുന്ന വിധത്തിൽ കൂടുതൽ കാര്യക്ഷമതയോടെ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടേണ്ടതുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ ധനകാര്യ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെയും അടിയന്തിരമായ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

4. മരണം റിപ്പോർട്ടു ചെയ്യപ്പെട്ട തദ്ദേശ സ്ഥാപനം എന്ന നിലയിൽ ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകളെ വിവരം അറിയിക്കാത്തതിനാൽ ക്ഷേമനിധി ബോർഡ് പെൻഷനുകൾ ആക്ടീവ് ആയി തുടരുന്നത് സംബന്ധിച്ചും തുടർനടപടി സ്വീകരിക്കേണ്ടതാണ്.

5. ബാങ്കുകളുടെ കൈവശമുള്ള കൈമാറാൻ സാധിക്കാത്ത തുകകളുടെ വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. ടി തുകകൾ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് H.O Branch Account ലേക്ക് തിരികെ അടവാക്കേണ്ടതാണ്. A/C No.001101023000269, IFS Code KSBK 0000101. ഈ ഇനത്തിൽ തിരികെ അടവാക്കിയ തുകകൾ

തിരിച്ചടവാക്കിയ തുക, തീയതി, അക്കൗണ്ട് നമ്പർ, UTR നമ്പർ എന്നിവയുൾപ്പെടുന്ന സ്റ്റേറ്റ്മെൻറ് ലഭ്യമാക്കേണ്ടതാണ്.

**1-18 ഐ സി ഡി എസ്- രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.**

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഫയലുകളിൽ രേഖകൾ കൃത്യമായി സൂക്ഷിച്ച് വരുന്നില്ല.

1.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ |
| പ്രോജക്റ്റ് നം | S114/23 |
| അടങ്കൽ | 200000/- (വികസന ഫണ്ട് – ജനറൽ) |
| ചെലവ് | 75854/- |
| ബിൽ നമ്പർ/തീയതി,തുക | 358/28.03.2023 തുക 75854/ |

ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി 75854/- രൂപ ചെലവഴിച്ച് 'ദ കേരളാ സ്റ്റേറ്റ് ഹാൻഡിക്യാപ്പ്ഡ് പേഴ്സൺസ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ്'-ൽ നിന്നും പത്ത് ഇനം സഹായ ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിതരണ രജിസ്റ്ററിൽ ഗുണഭോക്താക്കൾ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മൂന്ന് പേർക്ക് വീൽ ചെയർ, ഒരാൾക്ക് 'Tripod Cane'എന്നിവ നൽകിയത് മാത്രമാണ് നൽകിയ ഉപകരണങ്ങളുടെ കോളത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

2.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | അങ്കണവാടി അനുപൂരക പോഷകാഹാരം |
| പ്രോജക്റ്റ് നം | S16/23 |
| അടങ്കൽ | 2800000/- (1500000/- വികസന ഫണ്ട് – ജനറൽ,<br>800000/- കേന്ദ്രാവിഷ്കൃത ഫണ്ട്,<br>250000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം,<br>250000/- ജില്ലാ പഞ്ചായത്ത് വിഹിതം ) |
| ചെലവ് | 1801767/- (1500000/- വികസന ഫണ്ട് – ജനറൽ,<br>301767/- കേന്ദ്രാവിഷ്കൃത ഫണ്ട്) |

ഈ പദ്ധതിയിൽ അങ്കണവാടികളിൽ വിതരണം ചെയ്യുന്നതിനായി അമൃതം, സഫല എന്നീ പോഷകാഹാര പായ്ക്കറ്റുകൾ കൂടാതെ സപ്ലൈകോ-യിൽ നിന്ന് അരി, ചെറുപയർ, മറ്റ് ധാന്യങ്ങൾ, വെളിച്ചെണ്ണ എന്നിവ ഉൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ അമൃതം, സഫല എന്നീ ഉല്പന്നങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിലുണ്ട്. എന്നാൽ സപ്ലൈകോ-യിൽ നിന്ന് വാങ്ങിയ ഭക്ഷ്യവസ്തുക്കൾ ചില മാസങ്ങളിലേത് മാത്രമാണ് വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിലുള്ളത്.

ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും സാധനങ്ങളും ഉപകരണങ്ങളും വാങ്ങി വിതരണം ചെയ്യുമ്പോൾ കേരള ഫിനാൻഷ്യൽ കോഡ്, വോള്യം 1 ലെ ആർട്ടിക്കിൾ 147, 149(1), 150, 152 എന്നിവ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**1-19 ഹോമിയോ മരുന്നുകൾ ലഭ്യമായില്ല - ₹200000 തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 19/23 |
| നിർവ്വഹണം | സെക്രട്ടറി |
| ആകെ അടങ്കൽ | ₹2,00,000/- |
| ആകെ ചെലവ് | ₹ 2,00,000/-(ഇൻവോയ്സ് നമ്പർ 947/2-12-22) |
| ബിൽ നമ്പർ/തീയതി | 233/14-2-23 |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം രണ്ട് ലക്ഷം രൂപയുടെ മരുന്നുകൾക്കുള്ള ടാക്സ് ഇൻവോയ്സ് ഹോംകോയിൽനിന്ന് ലഭ്യമായത് ഹാജരാക്കിയിട്ടുണ്ട്. സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ്

പ്രകാരവും രണ്ട് ലക്ഷം രൂപയാണ് ചെലവ് തുക. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ രേഖപ്പെടുത്തലുകൾ വന്നിട്ടില്ല എന്ന് കാണുന്നു. ടാക്സ് ഇൻവോയ്സിലും സ്റ്റോക്കിലെടുത്തതായി രേഖപ്പെടുത്തൽ ഇല്ല. അതിനാൽ ടാക്സ് ഇൻവോയ്സ് ലഭിച്ചിട്ടുള്ളതും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് കാണിച്ചിട്ടുള്ളതുമായ രണ്ട് ലക്ഷം രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 1/തീയതി 11-7-23) നല്കി. രണ്ട് ലക്ഷം രൂപയ്ക്കുള്ള മരുന്ന് ലഭിച്ചിട്ടില്ല എന്നാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്. മരുന്ന് എത്രയും വേഗം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതുവരെ ചെലവ്തുകയായ ₹ 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-20 ഓഡിറ്റ് ഇംപാക്ട്

ഗ്രാമ പഞ്ചായത്തിലെ സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് ഓഡിറ്റോറിയത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ സ്ഥാപനതൊഴിൽ നികുതിയായ 2,750/- രൂപ (പിഴഉൾപ്പെടെ) ഓഡിറ്റ്എൻക്വയറി(നം.5/12.7.2023) നൽകിയതിനെത്തുടർന്ന് രസീത് നമ്പർ 1230400688, തീയതി 14.7.2023 മുഖേന പഞ്ചായത്ത് ഫണ്ടിൽ അടവാക്കി .

## 1-21 നിക്ഷേപ പ്രവർത്തികൾക്കായി നല്കിയ തുകയ്ക്ക് വർഷങ്ങൾ കഴിഞ്ഞിട്ടും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

വാർഷിക കണക്കുകൾ പ്രകാരം ₹11,14,027/- കെ.എസ്.ഇ.ബി.-ക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ – വാർഡ്-6 | 27,683/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 2 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ – വാർഡ്-7 – 144/22 | 22,223/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 3 | സ്ട്രീറ്റ് ലൈൻ വലിക്കൽ – 88/22 | 10,18,352/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 4 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വാർഡ്-2 – (S155/23) | 14,256/- | പ്രവൃത്തി പൂർത്തീകരിച്ചു |
| 5 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ വാട്ടർ ടാങ്ക് റോഡ് | 31,513/- | പ്രവൃത്തി പൂർത്തീകരിച്ചു |

ആകെ 5 പ്രവർത്തികളിലായി ₹ 11,14,027/- കെ.എസ്.ഇ.ബി.-ക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ട് 45,769/- രൂപയുടെ പ്രവൃത്തിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ 11/14.07.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ₹10,68,258/-ന്റെ പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-22 സ്പിൽ ഓവർ പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിൽ വീഴ്ച

സ്പിൽ ഓവർ പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മുൻകരുതൽ സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സ.ഉ.(കൈ)84/2022/ത.സ്വ.ഭ.വ തീ. 19-04-2022 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11(1) മുതൽ (6) വരെയുള്ള ഉപഖണ്ഡിക അനുസരിച്ച് മാർച്ച് 31 ന് നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ പരിശോധിച്ച് ഏതൊക്കെ പ്രോജക്ടുകൾ തുടർന്ന് നടപ്പിലാക്കേണ്ടതുണ്ടെന്ന് ആദ്യം തീരുമാനിക്കണം. തുടർന്ന് നിർവ്വഹണ നടപടികൾ ആരംഭിക്കാത്ത പ്രോജക്ടുകളിൽ നടപ്പിലാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കുകയും, ഭാഗികമായി പൂർത്തീകരിച്ച പ്രോജക്ടുകളുടെ നിർവ്വഹണം പാഴ്ചെലവ് വരാത്ത രീതിയിൽ അവസാനിപ്പിക്കുകയും ചെയ്യാം. പിന്നീട് നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കാണുന്ന പ്രോജക്ടുകളാണ് സ്പിൽ ഓവറായി ഉൾപ്പെടുത്തേണ്ടത്. ഇങ്ങനെ വിവിധ ഘട്ടങ്ങളിലെ ഒഴിവാക്കലുകൾക്ക് ശേഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയ ചില പൊതു മരാമത്ത് പ്രവൃത്തികളിൽ തൻവർഷം യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | വകയിരുത്തിയ തുക | ഫണ്ടിനം |
|---|---|---|---|---|
| 1 | 42/23 | മഹിള സാംസ്കാരിക നിലയം വാർഡ് 11 | 1039487 | ജില്ലാ പഞ്ചായത്ത് 500000<br>ബ്ലോക്ക് പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | | | | 539487 |
| 2 | 43/23 | പൊതുകിണറുകളുടെ അറ്റകുറ്റപ്പണി | 460,000 | ധനകാര്യകമ്മിഷൻ അവാർഡ് |
| 3 | 44/23 | പ്ലാമുടി കരണ്ടൂർ റോഡ് മെയിന്റനൻസ്- വാർഡ് 1 | 766000 | സംരക്ഷണഗ്രാന്റ് റോഡ് |
| 4 | 48/23 | വിരിപ്പിൽകാട്ട് ചിറ ആഴംകൂട്ടി സംരക്ഷിക്കൽ | 1656000 | ധനകാര്യകമ്മിഷൻ അവാർഡ് |
| 5 | 49/23 | കട്ടമകളം മക്കിയത്ത് മുണ്ടക്കൽ തോട്ടം റോഡ് സൈഡ് പ്രോട്ടക്ഷൻ വാർഡ്-4 | 34000 | സംരക്ഷണഗ്രാന്റ് റോഡ് |
| 6 | 62/23 | ആയുർവേദ ആശുപത്രി മെയിന്റനൻസ് | 849400 | സംരക്ഷണഗ്രാന്റ് റോഡിതരം |
| 7 | 63/23 | ജി.എൽ.പി.എസ്. സൗത്ത് മെയിന്റനൻസ് | 459319 | സംരക്ഷണഗ്രാന്റ് റോഡിതരം |
| 8 | 66/23 | കുട്ടംകുളം അങ്കണവാടിമെയിന്റനൻസ് | 51000 | സംരക്ഷണഗ്രാന്റ് റോഡിതരം |

മേൽ പദ്ധതികൾ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-23 ആഫ്രിക്കൻ ഒച്ച് നിവാരണപദ്ധതി - അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 101/23 |
| നിർവ്വഹണം | അഗ്രിക്കൾച്ചർ ഓഫീസർ |
| ആകെ അടങ്കൽ | രൂപ 50000/- |
| ആകെ ചെലവ് | രൂപ 50000/- |
| ബിൽ നമ്പർ | 141/9-12-23 |

ആഫ്രിക്കൻ ഒച്ച് നിവാരണത്തിനായി ഓഡിറ്റ് വർഷത്തിൽ പദ്ധതി നടപ്പാക്കപ്പെട്ടിട്ടുണ്ട്. പെട്ടെന്നുണ്ടാകുന്ന കീടരോഗങ്ങളുടെ തീവ്രവ്യാപനനിയന്ത്രണം എന്ന ഒരു ഇനം മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടുണ്ട്. ആയത് അടിസ്ഥാനമാക്കിയാണ് പദ്ധതി രൂപീകരിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ കൃഷി ഓഫീസർ തയ്യാറാക്കുന്ന കീടരോഗബാധയും നിവാരണപ്രവർത്തനങ്ങളും സംബന്ധിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ തീരുമാനം കൈക്കൊണ്ടാണ് പദ്ധതി രൂപീകരിക്കേണ്ടത്. അപ്രകാരമുള്ള റിപ്പോർട്ട്, ഭരണസമിതിതീരുമാനം എന്നിവ ലഭ്യമാക്കുകയുണ്ടായില്ല. പാടശേഖരസമിതികൾ, കർഷകസമിതികൾ എന്നിവ മുഖേനയാണ് ഇത്തരം പരിപാടികൾ നടപ്പിലാക്കേണ്ടത്. എന്നാൽ നടപ്പാക്കിയ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ഓരോ കിലോഗ്രാം വീതം ബോറാക്സ്, ബ്ലീച്ചിംഗ് പൗഡർ, കോപ്പർ സൾഫേറ്റ് എന്നിവ വിതരണം ചെയ്യുകയാണുണ്ടായിട്ടുള്ളത്. പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച് മോണിറ്ററിംഗ് നടത്തിയിട്ടുള്ളതായും ഫയലിൽ രേഖയില്ല. മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 14 തീയതി 14-7-23 ) നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഭാവിയിൽ സമാനമായ പദ്ധതികൾ നടപ്പാക്കുമ്പോൾ പദ്ധതി സംബന്ധിച്ച മാർഗ്ഗരേഖാനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-24 ശുചിയും ഹരിതാഭവുമായ ഗ്രാമം - അവലോകനം

കോട്ടപ്പടി ഗ്രാമപഞ്ചായത്തിനെ ശുചിയും ഹരിതാഭവുമായ ഗ്രാമമാക്കിത്തീർക്കാനുതകുന്ന വിവിധങ്ങളായ പദ്ധതികൾ ഭരണസമിതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജന ബൈലോ പ്രസിദ്ധീകരിച്ച് അതിലെ വ്യവസ്ഥകൾ സംബന്ധിച്ച പ്രചാരണം നടത്തി. "വൃത്തിയുള്ള കേരളം - വലിച്ചെറിയൽ വിമുക്തകേരളം" ക്യാമ്പെയിന്റെ ഭാഗമായി മാലിന്യനിക്ഷേപം അധികമായി കണ്ടെത്തിയ കേന്ദ്രങ്ങൾ വൃത്തിയാക്കി. കുട്ടികളിൽ, മാലിന്യനിർമ്മാർജ്ജനം സംബന്ധിച്ച് അവബോധം ഉണ്ടാക്കുന്നതിന് ബാലസഭയുടെ നേതൃത്വത്തിൽ ശുചിത്വോൽസവം സംഘടിപ്പിച്ചു. 05-06-2023 പരിസ്ഥിതി ദിനത്തിൽ ഹരിതസഭ നടത്തുകയുണ്ടായി. പ്ലാസ്റ്റിക് ശേഖരിക്കുന്നതിന് വിവിധ വാർഡുകളിൽ മിനി MCF കളും സ്കൂളുകളിൽ കളക്റ്റേഴ്സ് അറ്റ് സ്കൂളും സ്ഥാപിച്ചിട്ടുണ്ട്. ജൈവമാലിന്യം വീടുകളിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിനാണ് പഞ്ചായത്തിലെ ജനങ്ങൾക്ക് നിർദ്ദേശം നല്കിയിട്ടുള്ളത്. ഗാർഹിക ബയോഗ്യാസ് പദ്ധതിക്ക് 2022-23സാമ്പത്തികവർഷത്തിൽ അംഗീകാരം ലഭിച്ചെങ്കിലും ആയത് നടപ്പാക്കപ്പെട്ടില്ല. ലൈഫ് ഭവനപദ്ധതി പ്രകാരം നിർമ്മിക്കുന്ന ഭവനങ്ങൾക്ക് കംപോസ്റ്റ് പിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. ശുചിത്വഗ്രാമം എന്ന ലക്ഷ്യം കൈവരിക്കാനുതകുന്ന വിവിധ പദ്ധതികൾ ഗ്രാമപഞ്ചായത്തിൽ വാർഷികപദ്ധതികൾ പ്രകാരം നടപ്പിലാക്കപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷം നടപ്പിലാക്കിയ പ്രധാനപ്പെട്ട ചില പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| വർഷം | പ്രൊജക്റ്റ് നമ്പർ, പദ്ധതിയുടെ പേര് | നിർവ്വഹണം | ഫണ്ടിനം | ചെലവ് തുക |
|---|---|---|---|---|
| 2018-19 | 100/19, വെയ്സ്റ്റ് മാനേജ്മെന്റ് | M.O(PHC) | ഡവലപ്മെന്റ് ഫണ്ട്-ജനറൽ(CFC) | 95,901 |
| 2019-20 | 152/20, പി.എച്ച്.സി. ടോയ്ലറ്റ് നിർമ്മാണം | A.E. | ഡവലപ്മെന്റ് ഫണ്ട്-ജനറൽ(CFC) | 2,62,944 |
| | 210/20, കളക്ടേഴ്സ് അറ്റ് സ്കൂൾ | V.E.O. | സെൻട്രലി സ്പോൺസേഡ് സ്കീം | 1,90,800 |
| 2020-21 | 53/21 VGF പദ്ധതി | സെക്രട്ടറി | ഡവലപ്മെന്റ് ഫണ്ട്-ജനറൽ(CFC) | 1,40,923 |
| | 220/21 വ്യക്തിഗത കക്കൂസ് നിർമ്മാണം | V.E.O. | ഡവലപ്മെന്റ് ഫണ്ട്-ജനറൽ(CFC Tied Grant) | 2,15,600 |
| 2021-22 | 82/22 ടോയ്ലറ്റ് മെയിന്റനൻസ് | V.E.O. | സെൻട്രലി സ്പോൺസേഡ് സ്കീം | 4,58,155 |
| | 86/22 MCF –നവീകരണപ്രവർത്തനങ്ങൾ | A.E. | ഡവലപ്മെന്റ് ഫണ്ട്-ജനറൽ(CFC Tied Grant) | 6,00,000 |
| | 105/22 പൊതു കംഫർട്ട് സ്റ്റേഷൻ അറ്റകുറ്റപ്പണികൾ | A.E. | ഡവലപ്മെന്റ് ഫണ്ട്-ജനറൽ(CFC Tied Grant) | 1,45,954 |
| 2022-23 | 2/23 ഹരിതകർമ്മസേനക്ക് ട്രോളി വാങ്ങൽ | V.E.O. | ഡവലപ്മെന്റ് ഫണ്ട്-ജനറൽ(CFC Tied Grant) | 99,960 |

എന്നാൽ ഇതിനുപുറമെ ഈ വർഷങ്ങളിൽ അംഗീകാരം ലഭിച്ചിട്ടും നടപ്പാക്കാത്ത ചില പദ്ധതികൾ ശുചിത്വവുമായി ബന്ധപ്പെട്ട് പ്രാധാന്യമർഹിക്കുന്നവയാണ്. ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, ഇൻസിനറേറ്റർ സ്ഥാപിക്കൽ, വിരിപ്പക്കാട്ട് ചിറ മാലിന്യമുക്തമാക്കി ആഴം കൂട്ടൽ, വിരിപ്പക്കാട്ട് ചിറ ടോയ്ലറ്റ് കോംപ്ലക്സ് നിർമ്മാണം എന്നിവ അവയിൽ ചിലതാണ്.

### ഹരിതകർമ്മസേന

വാർഡ് തലത്തിൽ ഹരിതകർമ്മസേന രൂപീകരിക്കപ്പെട്ടിട്ടുണ്ട്. 2020 നവംബർ 1 മുതൽ ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചു. യൂണിഫോം, ഐ.ഡി. കാർഡ്, 6 ട്രോളികൾ എന്നിവ സേനാംഗങ്ങൾക്ക് നല്കിയിട്ടുണ്ട്. ഹരിതമിത്രം ആപ്പ് സംബന്ധിച്ച പദ്ധതി നടപ്പാക്കപ്പെട്ടിട്ടില്ല. ആരംഭഘട്ടത്തിൽ ചില തടസ്സങ്ങളുണ്ടായിരുന്നുവെങ്കിലും നിലവിൽ നല്ല രീതിയിൽ പ്രവർത്തനം മുന്നോട്ട്പോകുന്നുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് നവംബർ 2022 വരെ പ്ലാൻ ഫണ്ടിൽ നിന്ന് കൂടി തുക ചെലവ് ചെയ്തിട്ടുണ്ട്. അതിനുശേഷം യൂസർ ഫീ ഇനത്തിൽ ഉള്ള വരുമാനമാണ് വേതനം മുതലായവക്കായി ചെലവിടുന്നത്. യൂസർ ഫീ പിരിവ് തുക കൊണ്ട് സേനാംഗങ്ങളുടെ വേതനം പൂർണ്ണമായും നല്കാനാകാത്ത സ്ഥിതിയുണ്ട്. രണ്ട് പേർ വീതമുള്ള ടീമാണ് ഓരോ വാർഡിലും നിയോഗിക്കപ്പെട്ടിട്ടുള്ളത്. വീടുകളിൽ നിന്ന് പ്രതിമാസം 50/- രൂപയും കടകളിൽ നിന്ന് പ്രതിമാസം 100/- രൂപയുമാണ് ഈടാക്കുന്നത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ എല്ലാ മാസവും ശേഖരിക്കുന്നുണ്ട്. പ്ലാസ്റ്റിക് ഇതര മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി പ്രവർത്തന കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. ഡയപ്പർ, സാനിറ്ററി നാപ്കിനുകൾ എന്നിവ മാലിന്യങ്ങളുടെ കൂട്ടത്തിൽ സ്വീകരിക്കുന്നില്ല എന്നത് പോരായ്മയാണ്.





**മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി(MCF)**

പഞ്ചായത്ത് കാര്യാലയത്തോട് ചേർന്ന് സ്വന്തം കെട്ടിടത്തിൽ ആണ് MCF പ്രവർത്തിക്കുന്നത്. ഇരുനിലക്കെട്ടിടത്തിന്റെ രണ്ടാം നിലയിൽ 1500 ച.അടി വിസ്തീർണ്ണത്തിലാണ് MCF സജ്ജമാക്കിയിട്ടുള്ളത്. ഇവിടെ നിലവിൽ വൈദ്യുതിക്കായി വയറിംഗ് പൂർത്തീകരിച്ച് ലൈറ്റുകൾ, ഫാനുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. വിശ്രമമുറി, ശുചിമുറി എന്നിവ ഉണ്ട്. എന്നാൽ ടാപ്പ് വാട്ടർ സൌകര്യം ആയിട്ടില്ല. രണ്ട് ഫയർ എക്സ്റ്റിംഗ്വിഷറുകൾ സ്ഥാപിച്ചിട്ടുണ്ട്. സേനാംഗങ്ങൾക്ക് അവ ഉപയോഗിക്കാൻ പരിശീലനം നല്കിയിട്ടുണ്ട്. മാലിന്യങ്ങൾ സെഗ്രഗേറ്റ് ചെയ്താണ് സൂക്ഷിച്ചിട്ടുള്ളത്. കരാറെടുത്ത കമ്പനി കൃത്യമായ ഇടവേളകളിൽ മാലിന്യം നീക്കം ചെയ്യുന്നതിനാൽ അമിതമായി അവMCF ൽ കുടിക്കിടക്കുന്നില്ല. നോർത്താംപ്സ് ഇ.എൻ.വി. സൊലൂഷൻസ് എന്ന ഹരിതസഹായ ഏജൻസിയുമായാണ് മാലിന്യനീക്കത്തിന് പഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടുള്ളത്. റീസൈക്കിളബിൾ പ്ലാസ്റ്റിക് വിൽക്കുന്നതിലൂടെ പഞ്ചായത്തിന് വരുമാനം ലഭിക്കുന്നുണ്ട്. മൾട്ടി പ്ലാസ്റ്റിക്ക് നീക്കം ചെയ്യുന്നതിന് പഞ്ചായത്ത് കമ്പനിക്ക് തുക നല്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന് സ്വന്തമായി RRF,ബെയ്ലിംഗ്/ ഷ്രെഡ്ഡിംഗ് യൂണിറ്റ്, മാലിന്യസംസ്കരണപ്ലാന്റ് എന്നിവയില്ല.





**പരിശോധനകൾ, ശിക്ഷാ നടപടികൾ**

പ്ലാസ്റ്റിക് ഉപഭോഗം കുറക്കുന്നതിന്റെ ഭാഗമായി നടത്തിയ പരിശോധനയെത്തുടർന്ന് വാണിജ്യസ്ഥാപനങ്ങളിൽനിന്ന് 2,000/- രൂപ പിഴ ചുമത്തി ഈടാക്കുകയുണ്ടായി. പൊതുസ്ഥലത്ത് മാലിന്യം വലിച്ചെറിഞ്ഞ സ്ഥാപനത്തിൽ നിന്ന് 10,000/- രൂപയും പിഴ ഈടാക്കി.

**നിർദ്ദേശങ്ങൾ**

പാതയോരങ്ങളിലും മറ്റും മാലിന്യം നിക്ഷേപിക്കുന്നത് കേരളത്തിലെ മറ്റേതൊരു പ്രദേശങ്ങളിലും ഉള്ളപോലെ കോട്ടപ്പടി പഞ്ചായത്തിലും കണ്ടുവരുന്ന ഒരു പ്രവണതയാണ്. എന്നാൽ ജില്ലയിലെ തന്നെ മറ്റ് ചില പഞ്ചായത്തുകളിൽ ഉള്ള പോലെ വൻതോതിലുള്ള അനധികൃതമാലിന്യനിക്ഷേപം കോട്ടപ്പടി പഞ്ചായത്തിലെ പാതയോരങ്ങളിലോ വെളിമ്പ്രദേശങ്ങളിലോ ദൃശ്യമല്ല. അതുകൊണ്ട് തന്നെ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്ന് സ്വീകരിച്ചുവരുന്ന നടപടികൾ ഒന്നുകൂടി ശക്തിപ്പെടുത്തുന്നതിലൂടെ പൂർണ്ണമായും ശുചിയും മാലിന്യരഹിതവുമായ പഞ്ചായത്ത് എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുവാൻ കഴിയുന്നതാണ്. ഗാർഹിക ജൈവമാലിന്യങ്ങളുടെ സംസ്കരണത്തിനനുയോജ്യമായ പദ്ധതികൾ വാർഷികപദ്ധതികളുടെ ഭാഗമായി നടപ്പിലാക്കാവുന്നതാണ്. വലിയ മാർക്കറ്റുകൾ, വൻകിട ആശുപത്രികൾ എന്നിവ പഞ്ചായത്ത് പ്രദേശത്തില്ലാത്തതിനാൽ ഇത്തരം സ്ഥാപനങ്ങളിൽനിന്നുള്ള മാലിന്യം പ്രതിസന്ധി സൃഷ്ടിക്കുന്നില്ല. സ്ഥിരമായി അനധികൃതമാലിന്യനിക്ഷേപം നടക്കുന്ന കേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അവിടങ്ങളിൽ CCTV ക്യാമറ ഉൾപ്പെടെയുള്ള നിരീക്ഷണസംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്. ഹരിതകർമ്മസേനയുടെ പ്രവർത്തനം ഭംഗം കൂടാതെ നടപ്പാക്കാൻ സാധിക്കുക എന്നതാണ് കോട്ടപ്പടി പഞ്ചായത്തിനെ സംബന്ധിച്ച മുഖ്യവെല്ലുവിളി. മെംബർമാരുടെയും ഉദ്യോഗസ്ഥരുടേയും പൂർണ്ണമായ സഹകരണം ഹരിതകർമ്മസേനക്ക് ലഭിക്കുന്നുണ്ട്. എങ്കിലും MCF ലെ വെള്ളം, വൈദ്യുതി എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾക്ക് അടിയന്തിരമായി പരിഹാരം കാണേണ്ടതുണ്ട്. MCF രണ്ടാംനിലയിലാണുള്ളത് ഒരു പരിമിതിയാണ്. പതിമൂന്ന് വാർഡുകൾ ഉണ്ടെങ്കിലും ആറ് ട്രോളികൾ മാത്രമാണുള്ളത്. ഹരിതമിത്രം ആപ്പിന്റെ പ്രവർത്തനം പഞ്ചായത്തിൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല. മേൽ പദ്ധതി നടപ്പാക്കേണ്ടതാണ്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതവും കാര്യക്ഷമവുമാക്കിയാൽ യൂസർ ഫീ ഇനത്തിലും മാലിന്യവിൽപ്പന ഇനത്തിലും ലഭിക്കുന്ന തുക ഉപയോഗിച്ച് ഹരിതകർമ്മസേനാംഗങ്ങളുടെ വേതനവും മറ്റ് ചെലവുകളും നിർവ്വഹിക്കുവാൻ സാധിക്കുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-25 ക്ഷീര കർഷകന് പാലിന് ഇൻസെന്റീവ് നൽകൽ - അർഹമായതിലും കുറവായി ധനസഹായം വകയിരുത്തി

ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് പ്രോൽസാഹനമായി ഇൻസെന്റീവ് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ നിരക്കിലും സമയബന്ധിതമായും തുക ലഭ്യമായിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

2022-23 വർഷത്തെ മൃഗസംരക്ഷണവും ക്ഷീര വികസനവും വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ് ബുക്ക് പരിശോധിച്ചതിൽ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിന് പ്രോജക്റ്റ് വെയ്ക്കുന്നതിന് ശുപാർശ ചെയ്തതായി കാണുന്നില്ല. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും പാലിന് സബ്സിഡി നൽകുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുകയോ പ്രോജക്റ്റ് വെയ്ക്കുന്നതിന് ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല. പക്ഷെ ഗ്രാമ പഞ്ചായത്ത് വിഹിതമായി ₹ 7,70,000/- വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം. | 130/23 |
| പ്രോജക്റ്റിന്റെ പേര് | ക്ഷീര സഹകരണ സംഘങ്ങൾ മുഖേന പാൽ ഇൻസെന്റീവ് |
| അടങ്കൽ | ₹7,70,000/-<br>[വികസന ഫണ്ട് (ജനറൽ) – 3,00,000/- ,<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 4,00,000/- ,<br>ജില്ലാ പഞ്ചായത്ത് വിഹിതം - 70,000/- ] |
| ചെലവ് | ₹7,70,000/-<br>(ബിൽ നം./GP1-22-23/28-02-2023, ₹3,00,000/-,<br>ബിൽ നം./BP1-22-23/28-02-2023, ₹4,00,000/-,<br>ബിൽ നം./GP1-22-23/28-02-2023, ₹70,000/-) |
| നിർവഹണ ഉദ്യോഗസ്ഥ | ഡയറി ഫാം ഇൻസ്പെക്ടർ |

14-ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി. 28.05.2022 ഖണ്ഡിക 6.3 പ്രകാരം ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന ഒരു ലിറ്റർ പാലിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും 3 രൂപ കർഷകന് നൽകാവുന്നതാണ്. എന്നാൽ ഈ പദ്ധതി പ്രകാരം അർഹമായതിലും വളരെ കുറവാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. 6 മാസത്തേക്ക് (ഏപ്രിൽ 2022 മുതൽ സെപ്റ്റംബർ വരെ) മാത്രമാണ് നൽകിയിട്ടുള്ളത്. സാമ്പത്തിക വർഷത്തേക്ക് നൽകുന്ന മുഴുവൻ പാലിനും കർഷകന് ആനുകൂല്യം ലഭിച്ചിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

ഇൻസെന്റീവ് നൽകിയ ഗുണഭോക്താക്കളുടെ ശരാശരി എണ്ണം-227

| മാസം | സംഘത്തിന് നൽകിയ പാൽ അളവ് (ലിറ്ററിൽ) | ഇൻസെന്റീവ് നിരക്ക് | തുക (₹) |
|---|---|---|---|
| 2022ഏപ്രിൽ, മെയ് | 1,22,952 | 2.44 | 3,00,000 |
| 2022മെയ്, ജൂൺ, ജൂലൈ, ഓഗസ്റ്റ് | 1,80,240 | 2.22 | 4,00,000 |
| 2022 സെപ്റ്റംബർ | 55,065 | 1.27 | 70,000 |

കർഷകർക്ക് സാമ്പത്തിക വർഷത്തെ പാലളവിന് മുഴുവനും സബ്സിഡി ലഭ്യമാകുന്ന രീതിയിൽ പ്രോജക്റ്റ് തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/14.07.2023) മറുപടി ലഭ്യമാക്കിയില്ല.

ക്ഷീര കർഷകർക്ക് സാമ്പത്തിക വർഷത്തെ പാലളവിന് മുഴുവനും സബ്സിഡി ലഭിക്കത്തക്ക വിധത്തിൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് പെണ്ണാട് വിതരണം - സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ച പ്രകാരം നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നം. & പേര് | 134/23,<br>പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് പെണ്ണാട് വിതരണം |
| അടങ്കൽ | ₹99,250/- [₹92,425/-(Dev.Fund-TSP)+₹6,825/-(Own Fund)] |
| ചെലവ് | ₹81,266/- [₹74,441/-(Dev.Fund-TSP)+₹6,825/-(Own Fund)] |
| നിർവ്വഹണഉദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജ്ജൻ |

സീനിയർ വെറ്ററിനറി സർജ്ജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പെണ്ണാട് വിതരണം എന്ന പദ്ധതി പ്രകാരം 10 ഗുണഭോക്താക്കൾക്ക് പെണ്ണാടിനെ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ സബ്സിഡി മാർഗ്ഗരേഖ [സ.ഉ(കൈ)നം.115/2022

/തസ്വഭവ, തീയതി.28.05.2022, ഖണ്ഡിക 6.3.33 ക്രമ നം.3 ] പ്രകാരം വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷയായും, വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളായിട്ടുള്ള പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം മൃഗങ്ങളെ/പക്ഷികളെ വാങ്ങേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സബ്സിഡി മാർഗ്ഗരേഖയിൽ പറഞ്ഞ പ്രകാരമുള്ള പ്രൊക്യൂർമെന്റ് കമ്മിറ്റി ഇപ്രകാരം നിർദ്ദേശിച്ചതായി ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. പെണ്ണാട് വാങ്ങുന്നതിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിർണ്ണയിച്ചതിന്റെ വിവരവും ലഭ്യമായില്ല.

മേൽ പറഞ്ഞവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/14.07.2023) മറുപടി ലഭ്യമായില്ല.

തുടർന്നുവരുന്ന വർഷങ്ങളിൽ സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ച പ്രകാരം നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തു നികുതി നിർണ്ണയിച്ചീടാക്കിയതിൽ കുറവ്

ചുവടെ പരാമർശിച്ചിരിക്കുന്ന കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയച്ച് ഈടാക്കിയിട്ടുള്ളതിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നു.

| | |
|---|---|
| കെട്ടിട ഉടമ /<br>സ്ഥാപനത്തിന്റ പേര് | മാഹിൻ ടി.എം /<br>റാഡോൺ പ്ലൈ & ബോർഡ്സ് |
| കെട്ടിട നം./<br>ഉപയോഗക്രമം | 9/192 A/<br>വ്യാവസായി<br>കാവശ്യം |
| പ്ലോട്ട് ഏരിയ /<br>സർവേ നം. | 76.12ആർ<br>34/5-8, 34/6-3, 34/6-2,34/9-1,<br>33/2-2,33/1-2,33/3,33/4A-3,33/4B-3,<br>33/1-4,33/5-5,33/5-5-2 |
| പൂർത്തീകരിച്ച വിസ്തീർണ്ണം<br>(അംഗീകരിച്ച പ്ലാൻ പ്ലകാരം) | 789.211 ച.മീ. |
| സഞ്ചയ സോഫ്റ്റ് വെയർ<br>പ്രകാരം വിസ്തീർണ്ണം | 778.38 ച.മീ. |
| ഈടാക്കിയ അടിസ്ഥാന<br>വസ്തു നികുതി (ച. മീറ്ററിന്<br>40 രൂപ നിരക്കിൽ ) | 778.38x40=31135-3114+6227=34248 +1712=35960<br>(10% ഇളവ്,20% വർദ്ധനവ്, 5%ലൈബ്രറി<br>സെസ് ഉൾപ്പെടെ)<br>(2022 ഒന്നാം അർദ്ധവർഷം<br>മുതലാണ് നികുതി നിർണ്ണയിച്ച്<br>തുടങ്ങിയത്) |
| ഈടാക്കേണ്ട അടിസ്ഥാന<br>വസ്തു നികുതി (ച. മീറ്ററിന്<br>40 രൂപ നിരക്കിൽ ) | 789.211x40=31568 – 3157 +6314=34725+ 1736 =36461<br>(10% ഇളവ്,20% വർദ്ധനവ്,5%<br>ലൈബ്രറി സെസ് ഉൾപ്പെടെ) |
| **കുറവ്** | **501/-** |

മേൽ കെട്ടിടത്തിന്റ വസ്തുനികുതി കുറവായി ഈടാക്കിയതിന് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/15.7.2023) മറുപടി ലഭ്യമായിട്ടില്ല. പരാമർശത്തിലെ കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കി സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തി രേഖകൾ ഫോം 6 സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| എറണാകുളം ജില്ലാ പഞ്ചായത്ത് | 289120 | നെൽക്കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി (S72/23) | 289120 | 0 |
| എറണാകുളം ജില്ലാ പഞ്ചായത്ത് | 200000 | ലൈഫ് മിഷൻ ഭവനനിർമ്മാണ പദ്ധതി-2021-22 (SO32/23) | 200,000 | 0 |
| എറണാകുളം ജില്ലാ പഞ്ചായത്ത് | 486000 | ലൈഫ് ഭവനനിർമ്മാണം 22-23 എസ് സി(S68/23) | 486000 | 0 |
| എറണാകുളം ജില്ലാ പഞ്ചായത്ത് | 91830 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നകുട്ടികൾക്കുള്ളസ്കോളർഷിപ്പ്(S106/23) | 91830 | 0 |
| എറണാകുളം ജില്ലാ പഞ്ചായത്ത് | 70000 | ക്ഷീരസഹകരണ സംഘങ്ങൾ മുഖേന പാൽ ഇൻസെന്റീവ് (S130/23) | 70000 | 0 |
| എറണാകുളം ജില്ലാ പഞ്ചായത്ത് | 234000 | പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (S99/23) | 234000 | 0 |
| എറണാകുളം ജില്ലാ പഞ്ചായത്ത് | 80000 | ലൈഫ് പദ്ധതി ഭവനനിർമ്മാണം 2020 (എസ്.സി) (S121/23) | 80000 | 0 |
| ആകെ | | | 1450950 | |
| കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് | 100000 | ലൈഫ് മിഷൻ ഭവനനിർമ്മാണ പദ്ധതി-2021-22 എസ് സി (SO33/23) | 100000 | 0 |
| കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് | 50000 | ലൈഫ് മിഷൻ ഭവനനിർമ്മാണ പദ്ധതി-2021-22 (SO32/23) | 50000 | 0 |
| കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് | 49400 | ലൈഫ് മിഷൻ ഭവനനിർമ്മാണ പദ്ധതി-എസ് ടി (SO38/23) | 49400 | 0 |
| കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് | 650000 | ലൈഫ് ഭവനനിർമ്മാണം 22-23 എസ് സി(S68/23) | 650000 | 0 |
| കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് | 274590 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നകുട്ടികൾക്കുള്ളസ്കോളർഷിപ്പ്(S106/23) | 274590 | 0 |
| കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് | 400000 | ക്ഷീരസഹകരണ സംഘങ്ങൾ മുഖേന പാൽ ഇൻസെന്റീവ് (S130/23) | 400000 | 0 |
| ആകെ | | | 1523990 | |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ വാർഡ്-2 (S155/23) | 42201241/ 31.03.2021 | 14,256/- | 14,256/- | 0 |
| കെ.എസ്. ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ – വാട്ടർ ടാങ്ക് റോഡ് | 42200205 / 17.06.2022 | 31,513/- | 31,513/- | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ 14,20,000/- രൂപ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷം ലഭ്യമായ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് (ഹഡ്കോ) | ജി ഒ (എം എസ്) 100/2018/ തസ്വഭവ തീയതി 30.07.2018 | 14,20,000 | 90,74,500 | 24,68,180 | 0 | 80,26,320 |
| ഷോപ്പിംഗ് കോംപ്ലക്സ് (കെ.യു.ആർ. ഡി.എഫ്.സി.) | KURDFC/ ഉത്തരവ് നം /300/2015 തീയതി 23-05-2015 | --- | 29,10,018 | 10,38,136 | 2,60,869 | 18,71,882 |

വാർഷിക ധനകാര്യപത്രികയിൽ കെ.യു.ആർ.ഡി.എഫ്.സി. ലോൺ തുക വർഷാരംഭത്തിൽ അടയ്ക്കാൻ ബാക്കി നിൽക്കുന്നതായി ചേർത്തിരുന്നത് 24,60,905/- രൂപയാണ്. മുൻവർഷം അടവാക്കിയ തുകയിൽ 4,49,113/- രൂപ പലിശ ഇനത്തിൽ ചേർക്കേണ്ടതിന് പകരം മുതലിൽ നിന്ന് തെറ്റായി കുറവ് ചെയ്തിരുന്നു. ഇത് തൻവർഷം തിരുത്തിയതിനാൽ വർഷാരംഭത്തിൽ അടയ്ക്കാൻ ബാക്കി നിൽക്കുന്ന തുക 29,10,018/- രൂപയാണ്. പ്രൊജക്ട് നം. 175/23 പ്രകാരം ₹7,41,711ഉം പ്രൊജക്ട് നം.162/23 പ്രകാരം ₹7,47,172/-ഉം പ്രൊജക്ട് നം.163/23 പ്രകാരം ₹4,85,403/-ഉം പ്രൊജക്ട് നം.176/23 പ്രകാരം ₹4,85,404ഉം പ്രൊജക്ട് നം. 164/23 പ്രകാരം ₹6,975/-ഉം പ്രൊജക്ട് നം.177/23 പ്രകാരം ₹ 6,975/- എന്നിവ ചേർത്ത് 24,68,180/-ഉം തൻവർഷം ലൈഫ് മിഷൻ വായ്പ തിരിച്ചടവ് വന്നിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന 1,550/- രൂപയുടെ വിവരം താഴെ ചേർക്കുന്നു. ഈ തുക പ്രയർ പിരീഡ് ഇൻകം (190100102) എന്ന ഹെഡ്ഡിലെ വരവിനൊപ്പം ആണ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗപ്പേര് | രസീത് നമ്പർ/ തീയതി |
|---|---|---|---|---|---|
| 1 | 2020-21 | 1-15 | 1,250/- | മാനേജർ, റിലയന്റ് ക്രെഡിറ്റ് ഇൻഡ്യാ ലിമിറ്റഡ് | 1220102130/ 23.11.2022 |
| 2 | 2020-21 | 1-15 | 300/- | മാനേജർ, | 1220102129/ |

| | | | | | |
|---|---|---|---|---|---|
| | | | | റിലയൻസ് ക്രെഡിറ്റ് ഇൻഡ്യാ ലിമിറ്റഡ് | 23.11.2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.1 | 2016-17 | അനുബന്ധം 4, പേജ് 178 | തൊഴിൽ നികുതി | തുടർ നടപടികൾ സ്വീകരിച്ച് വിശദീകരണ പത്രിക നൽകി |
| 2014-15 | 2.1(B) | 2016-17 | അനുബന്ധം 4, പേജ് 178 | തൊഴിൽ നികുതി | തുടർ നടപടികൾ സ്വീകരിച്ച് വിശദീകരണ പത്രിക നൽകി |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2,85,39,042 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2,73,10,718 |
| വരവിനങ്ങളിലുള്ള നഷ്ടം | 501/- |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,59,273 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം**

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 501/- | --- | രമേഷ് .കെ.എൻ., സെക്രട്ടറി |
| ആകെ | 501/- | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 59,273/- | ബിനു വർഗീസ് സെക്രട്ടറി |
| 1-19 | 2,00,000/- | ബിനു വർഗീസ് സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ**

**സ്ഥിരം മേൽവിലാസങ്ങൾ**

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | രമേഷ് കെ.എൻ. സെക്രട്ടറി | റിട്ടയേഡ് | കോട്ടമ്പുറത്ത് ഇരിങ്ങോൾ പി.ഒ പെരുമ്പാവൂർ |
| 2 | ബിനു വർഗീസ് സെക്രട്ടറി | സെക്രട്ടറി, കോട്ടപ്പടി ഗ്രാമപഞ്ചായത്ത് | ബഥേൽ (H) കീഴുകര P.o പത്തനംതിട്ട 689502 |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2001-02 | എൽ.എഫ്.ഇ(പി 1)1150/05/28.10.2006 | |
| 2002-03 | എൽ.എഫ്.ഇ(പി 7)2084/06/7.11.2006 | |
| 2003-04 | എൽ.എഫ്.ഇ(പി 7)734/10/29.9.2011 | |
| 2004-05 | എൽ.എഫ്.ഇ(പി 7)735/10/29.9.2011 | |
| 2005-06 | എൽ.എഫ്.ഇ(പി 7)736/10/29.9.2011 | |
| 2006-07 | എൽ.എഫ്.ഇ(പി 7)787/12/13.7.2012 | |
| 2007-08 | എൽ.എഫ്.ഇ(പി 7)788/12/13.7.2012 | |
| 2008-09 | എൽ.എഫ്.ഇ(പി 7)789/12/13.7.2012 | |
| 2009-10 | എൽ.എഫ്.ഇ(പി 7)790/12/13.7.2012 | |
| 2010-11, 2011-12 | എൽ.എഫ്.ഇ(പി7)854/13/4.6.13 | |
| 2012-13, 2013-14 | എൽ.എഫ്.ഇ(പി7)1901/14/16.1.15 | |
| 2014-15 | കെ.എസ്.എ.-ഇ.കെ.എം (പി7)1255/2016 തീയതി 25.07.2016 | |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം (പി7)2244/2016 തീയതി 04.03.2017 | |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം (പി7)1881/2017 തീയതി 25.11.2017 | |
| 2017-18 | കെ.എസ്.എ-ഇ.കെ.എം.(പി7)2356/2018 തീയതി 14.02.19/08.03.19 | |
| 2018-19 | കെ.എസ്.എ-ഇ.കെ.എം.(പി7)1177/2019 തീയതി 03.09.19 | |
| 2019-20 | കെ.എസ്.എ-ഇ.കെ.എം.(പി7)182/2022 തീയതി 12.04.2022 | |
| 2020-21 | കെ.എസ്.എ-ഇ.കെ.എം.(പി7)1181/2022 തീയതി 08.08.2021 | |
| 2021-22 | കെ.എസ്.എ-ഇ.കെ.എം.(പി7)259/2023 തീയതി 13.04.2023 | |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 1/1 dated 30-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kottapady Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kottapady Grama Panchayat for the year 2022-2023

**Date: 05/09/2023** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Kottapady Grama Panchayat for the Year 2022-2023.

### 1.Major Observations

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information

2.Lack of Panchayath Raj Budget rules adversely affecting budgetary control system.

3.The Asset value shown in Balance sheet is not traceable to Asset Register due to unsupported design of existing asset register.

4.Non inclusion of Notes to accounts in Financial statements and non disclosure of material facts.

5.Generation of financial reports showing contradictory information due to non integration of Accounting software with other related softwares.

## 2.Other Observations

1.Cash Flow statement -Net increase/decrease in cash flow does not match withdifference between opening balance and closing balance of cash and cash equivalents.

2.The MGNREGS, EFMS amount is not included in Income & Expenditure Statement.

3.Property Tax DCB in AFS is not in talley with the DCB in Sanchaya Statements.

4.Lapses in making timely and accurate demand entries in respect of tax revenue

5.A difference of 476810 in Finance Commission Grant expenditure is seen deficit in the Sulekha statement than that in Appropriation Control Register.

6.Non inclusion of ratios.

7.Demand register does not match with Financial statements.

8.Misclassification of Receipt Voucher( Auction Receipt)

9. Provision for doubtful debt was not made

10.The supporting details of 395083/ balance in block share for Joint venture projects is not provided with the AFS.

11. Value of stock was not included in AFS

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്